# കേരള സർവകലാശാല

നം.പി.ആർ.182/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 ഡിസംബറിൽ നടത്തിയ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് ഒന്ന്, രണ്ട് സെമസ്റ്റർ (2017 അഡ്മിഷൻ, വിദൂര വിദ്യാഭ്യാസം) പരീക്ഷാഫലം വെബ്സൈറ്റിൽ.

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

ബി.ടെക് ഡിഗ്രി കോഴ്സ് (2013 അഡ്മിഷൻ) അഡ്മിഷൻ നേടി അഞ്ച് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഓഡ് (odd) സെമസ്റ്ററുകളുടെ ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുന്നതാണ്. ബി.ടെക് സപ്ലിമെന്ററി പരീക്ഷകളിൽ നാൽപതോ അതിനുമുകളിലോ മാർക്ക് നേടാത്ത വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. സർവകലാശാലയുടെ കീഴിൽ റെഗുലർ കോഴ്സ് ഇല്ലാത്തതിനാൽ പഠിച്ച കോളേജിലെ പ്രിൻസിപ്പാൾ റെഗുലർ ഫാക്കൽറ്റിയെ ഇതിനായി വിനിയോഗിച്ച് കോഴ്സിലെ ആവശ്യകത അനുസരിച്ച് ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താവുന്നതാണ്. ഒരു സെമസ്റ്ററിൽ ഒരു പ്രാവശ്യം മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ. അപേക്ഷയോടൊപ്പം 735 രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷ നൽകാനുള്ള അവസാന തീയതി സെപ്റ്റംബർ 30. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷയുടെ പകർപ്പും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്താനിരിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.ബി.എ (2009 സ്കീം) മേഴ്സിചാൻസ് പരീക്ഷകൾക്ക് പിഴ കൂടാതെ ആഗസ്റ്റ് 31 വരെ 150 രൂപ പിഴയോടെ സെപ്റ്റംബർ 4 വരെ 400 പിഴയോടെ സെപ്റ്റംബർ 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 സെപ്റ്റംബർ 20 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾക്കുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് പിഴകൂടാതെ ആഗസ്റ്റ് 27 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 30 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 2 വരെയും പരീക്ഷാഫീസ് ഒടുക്കി സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2019 സെപ്റ്റംബറിൽ നടത്തുന്ന മൂന്നും നാലും സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം (2017 അഡ്മിഷൻ) പരീക്ഷയ്ക്ക് ഓൺലൈനായി പിഴകൂടാതെ അപേക്ഷിക്കാനുള്ള അവസാന തീയതി ഓഗസ്റ്റ് 24 വരെയും,150 രൂപ പിഴയോടെ ഓഗസ്റ്റ് 29 വരെയും 400 രൂപ പിഴയോടെ ഓഗസ്റ്റ് 31 വരെയും ദീർഘിപ്പിച്ചിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

# സംസ്കൃതദിനാഘോഷം

സർവ്വകലാശാലയുടെ സംസ്കൃത വിഭാഗവും വേദാന്ത പഠനകേന്ദ്രവും സംയുക്തമായി ഓഗസ്റ്റ് 27-ന് സംസ്കൃത ദിനം ആഘോഷിക്കുന്നതിനോടനുബന്ധിച്ച് കോളേജ്, സർവകലാശാല വിദ്യാർത്ഥികൾക്ക് സംസ്കൃത സമൂഹഗാനമത്സരവും ഉപന്യാസ രചനാമത്സരവും നടത്തുന്നതായിരിക്കും . ഉപന്യാസവിഷയം: "സാമൂഹിക നവോത്ഥാനം സംസ്കൃത ഭാഷയിലൂടെ". താല്പര്യമുള്ളവർ 9446409948, 8547201074, 9526061902 ൽ ബന്ധപെടുക.

**തിരുവനന്തപുരം.**

22.08.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**